ശ്രീ. കെ.സി. ജോസഫ്: സംസാരിക്കാൻ അവസരം നൽകാത്തതു കൊണ്ട് ഞാൻ പിൻവലിക്കുന്നു.

മി. സ്പീക്കർ: ശ്രീ കെ.സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു. ശ്രീ. എ. കണാരൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കണാരൻ: സർ, ഞാൻ പിൻവലിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. കണാരൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

3. 1999-ലെ കേരളാ സ്പോർട്സ് ബിൽ†

(അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും)

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി, അങ്ങേയ്ക്ക് 1999-ലെ സ്പോർട്സ് ബിൽ അവതരിപ്പിക്കാം.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്): 1999-ലെ കേരളാ സ്പോർട്സ് ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിക്കപ്പെട്ടിരിക്കുന്നു. ഇനി അങ്ങേയ്ക്ക് പ്രമേയം അവതരിപ്പിക്കാം.

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, 1999-ലെ കേരളാ സ്പോർട്സ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

ശ്രീ. ടി.എം. ജേക്കബ്: ഞാൻ ഇതിനകത്ത് ഒരു ഒബ്ജക്ഷൻ എഴുതി കൊടുത്തിട്ടുണ്ട്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം എല്ലാവരും സ്വാഗതം ചെയ്യുന്നതാണ്. നമ്മുടെ സ്പോർട്സ് കായിക രംഗത്ത് ഒരു പുതിയ മാറ്റം ഉണ്ടാക്കാൻ ഉതകുന്ന ഒരു ബില്ലാണിത്. ഫിനാൻഷ്യൽ മെമ്മോറാണ്ടം എങ്ങനെയായിരിക്കണമെന്ന് റൂൾ 73-ൽ ക്ലിയറായിട്ട് പറഞ്ഞിട്ടുണ്ട്. ഇവിടെ ഈ സഭയിൽ തന്നെ അങ്ങയുടെ റൂളിംഗ് ഉണ്ടായിട്ടുണ്ട്. അങ്ങയുടെ മുൻഗാമികളും ഇതേസംബന്ധിച്ച് റൂളിംഗ് നൽകിയിട്ടുണ്ട്. എല്ലാം വായിച്ച് കൂടുതൽ

† അനുബന്ധം XXII

LIBRARY ARCHIVES Kerala Legislative Assembly

സമയമെടുക്കാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ പറഞ്ഞിരിക്കുന്നതനുസരിച്ച് ചില ക്ലാസ് ഇതിനകത്ത് എടുത്ത് പറഞ്ഞിട്ടുണ്ട്. അതിനകത്തു വരുന്ന എക്സ് പെന്റിച്ചറിന്റെ ഏകദേശരൂപം പറഞ്ഞിരിക്കുകയാണ്. അത് കഴിഞ്ഞ് 8-ാ മത്തെ പാരഗ്രാഫിൽ പറഞ്ഞിരിക്കുന്നത്.

If the Bill is enacted and brought into operation, Government will have to pay towards grant, additional amounts, to meet the activities of the Sports Council at various levels. The recurring expenses to be met from the Consolidated Fund of the State by way of grant and towards the salary and other allowances of the members of the Appellate Tribunal cannot be estimated with any degree of accuracy at this stage. However, an approximate amount of rupees two crores is estimated as the additional expenditure to be met from the Consolidated Fund every year.

ഇതിനകത്ത് വേരിയസ് ലെവൽസിലുള്ള കമ്മിറ്റികളെ സംബന്ധിച്ച്-സ്പോർട്ട്സ് കൗൺസിൽ, സ്റ്റേറ്റ് ലെവൽ ജില്ലാ ലെവൽ പറയുന്നുണ്ട്. താലൂക്ക് വന്നിട്ട് ജില്ലാ തലം വരെയുണ്ട്. അവിടെ ഒരു അപ്പലറ്റ് ട്രൈബ്യൂണലും പറയുന്നുണ്ട്. അങ്ങയുടെ റൂളിംഗ് എന്നു പറയുന്നത്, ഈ സഭയിൽ നിലവിലുള്ള റൂളിംഗ് എന്നു പറയുന്നത് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തെ സംബന്ധിച്ച് കൃത്യമായി ഉണ്ടാകുന്ന ചെലവ് പറയണം. അങ്ങനെ പറയാൻ കഴിയാത്ത സാഹചര്യം വന്നാൽ അത് ആക്കുറേറ്റ് ആയിട്ട് പറയാൻ കഴിയുന്നില്ലെങ്കിലും കൺസോളിഡേറ്റ് ഫണ്ടിൽ നിന്നും എക്സ്പെന്റിച്ചർ ഉണ്ടാകും എന്നു പറഞ്ഞാലും പൊതുവായിട്ട് അംഗീകരിക്കാം. എങ്കിലും കഴിയുന്നിടത്തോളം പറയണമെന്നു പറഞ്ഞു. അതിന്റെ ലാസ്റ്റ് സെന്റൻസ് However, an approximate amount of rupees two crores is estimated as the additional expenditure..... മുകളിലുള്ള സെന്റൻസിലും പാരഗ്രാഫിലും കൃത്യമായിട്ട് പറയാൻ കഴിയുന്നില്ല എന്നു പറയുന്നുണ്ട്. നിലവിൽ ഒരു സ്പോർട്ട്സ് ബിൽ ഇല്ല. ഇത് ഒരു അമന്റ്മെന്റ് ബിൽ അല്ല. ഒരു ഒറിജിനൽ ബിൽ ആണ്. ഇനി വരാൻ പോകുന്ന എക്സ്പെന്റിച്ചറിനെ സംബന്ധിച്ചാണ് പറയുന്നത്. വരാൻ പോകുന്ന എക്സ്പെന്റിച്ചർ ഒന്നുകിൽ ക്ലാസ് എടുത്ത് ഡിസ്ക്കസ് ചെയ്യുമ്പോൾ State level Sports Council അല്ലെങ്കിൽ ഡിസ്ട്രിക്ട് ലെവൽ, വില്ലേജ് ലെവൽ, ഇതിന്റെ ട്രൈബ്യൂണൽ ഇങ്ങനെ പലതും പറയാം. അപ്പോൾ ടി.എ. അടക്കമുള്ള പല കാര്യങ്ങളും എക്സാക്റ്റ് ആയിട്ട് പറയാൻ ബുദ്ധിമുട്ട് വരും. അത് ഞാൻ അക്സപ്റ്റ് ചെയ്യുന്നു. പക്ഷേ രണ്ടു കോടി രൂപകൊണ്ട്, an approximate amount of rupees two crores. എന്നാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ അങ്ങയുടെ ലേറ്റസ്റ്റ് ആയിട്ടുള്ള റൂളിംഗ് ഉണ്ട്. ആ റൂളിംഗിനു ശേഷം വന്നിരിക്കുന്ന ഒരു ഫൈനാൻഷ്യൽ മെമ്മോറാണ്ടമാണിത്. ഒന്നുകിൽ മന്ത്രി ചെയ്യേണ്ടത് ആ സെന്റൻസ് ഒഴിവാക്കുക. ബാക്കിയുള്ളതുകൊണ്ട് ഫിനാൻഷ്യൽ മെമ്മോറാണ്ടം പൂർണ്ണമായിട്ടുണ്ട്. അല്ലെങ്കിൽ കൃത്യമായിട്ട് ഓരോ ക്ലാസിലും പറയുക. ഇത്ര എക്സ്പെന്റിച്ചർ വീതം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും വരുന്നു എന്ന്. അതുകൊണ്ട് ഇത്ര എമൗണ്ട് വേണ്ടി വരും എന്ന് ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയുക. നമ്മുടെ ചട്ടം അനുസരിച്ചും സഭയുടെ കീഴ്വഴക്കങ്ങൾ അനുസരിച്ചും സ്പീക്കർ നൽകിയിട്ടുള്ള റൂളിംഗുകൾക്കും വ്യത്യാസമായിട്ടുള്ള അവതരണമാണ് ഈ ബില്ലിനെ സംബന്ധിച്ച് വന്നിരിക്കുന്നത് എന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : റൂൾ 73-ൽ രണ്ടു ഭാഗങ്ങൾ പറയുന്നുണ്ട്. ഒന്ന് an estimate of recurring and non recurring – expenditure-

കറക്ടായിട്ട് ഓരോ ക്ലാസ് ആയിട്ട് പറയുന്നുണ്ട്. റെക്കറിംഗ് നോൺ റെക്കറിംഗിനെ സംബന്ധിച്ചുള്ള കറക്ട് എസ്റ്റിമേറ്റ് തരാൻ ഒക്കുന്നില്ലെങ്കിൽ പോലും ഇവിടെ ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ഒരു അപ്രോക്സിമേഷൻ ആണ് കൊടുത്തിരിക്കുന്നത്. ഈ ക്ലാസിന് എതിരായിട്ട് ഒരു പ്രൊവിഷനുമില്ല. അതിനകത്ത് രണ്ടും വ്യക്തമായി പറയുന്നുണ്ട്. ഒരു എസ്റ്റിമേറ്റ് തരാൻ ഒക്കുകയില്ല. എന്നാൽ ഒരു അപ്രോക്സിമേഷൻ പറഞ്ഞാൽ 2 കോടി രൂപ വരാം ഇത്രയേ പറഞ്ഞിട്ടുള്ളൂ. അത് ഈ ക്ലാസിലെ പ്രൊവിഷനെ വയലേറ്റ് ചെയ്യുന്ന ഏതെങ്കിലും ഉണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞില്ല. ആവശ്യമില്ലയെന്നുള്ളതേ പറഞ്ഞുള്ളൂ. അത് ഒരു അപകടവും ഉള്ളതല്ല. എതിരുമല്ല. ഒരു റഫ് എസ്റ്റിമേറ്റ് of the total expenditure involved ആണ് പറയുന്നത്. അത് മെമ്പർക്ക് കുറച്ചുകൂടി ഇതിന്റെ ചെലവിനെക്കുറിച്ച് മനസ്സിലാക്കാൻ സഹായകരമാകും.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : ഇക്കൊല്ലം തന്നെ 4 കോടി രൂപ പ്ലാനിൽ ഉണ്ട്. ഇവിടെ അപ്പലേറ്റ് ട്രൈബ്യൂണൽ പുതുതായി വരുന്നുണ്ട്. ആ അപ്പലേറ്റ് ട്രൈബ്യൂണലിനും സഞ്ചിതനിധിയിൽ നിന്നും പണം ചെലവഴിക്കേണ്ടി വരും. അതിന്റെ റൂൾസ് ഒക്കെ വരുമ്പോഴേ അവർക്ക് കൊടുക്കേണ്ട സാലറിയും മറ്റു കാര്യങ്ങളും ഫിക്സ് ചെയ്യാൻ കഴിയുകയുള്ളൂ. ഇപ്പോൾ ഫിക്സ് ചെയ്യാൻ കഴിയുകയില്ല. അങ്ങനെയാണ് രണ്ടു കോടിയിലധികം രൂപ എന്നു പറയുന്നത്.

ശ്രീ. ടി.എം. ജേക്കബ് : ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രി 50 ലക്ഷം രൂപ ട്രൈബ്യൂണലിനുവേണ്ടി വരും എന്നു പറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞതിന് ഒന്നുകൂടി ഒരു വ്യക്തതയുണ്ടായിരിക്കുകയാണ്. recurring and non-recurring expenditure കൃത്യമായി പറയണം. പറയാൻ കഴിയുന്നില്ലെങ്കിൽ അത് മനസ്സിലാക്കാം. അത് എഗ്രി ചെയ്യുന്നു. പക്ഷേ ബഹുമാനപ്പെട്ട ഇപ്പോഴത്തെ സ്പീക്കർ തന്നെ നൽകിയിരിക്കുന്ന ഒരു റൂളിംഗ് ഉണ്ട്. ഞാൻ അതു വായിച്ച് സമയം കളയുന്നില്ല. അത് വച്ചിട്ട് ഇത് കൃത്യമായി എസ്റ്റിമേറ്റ് ചെയ്യാൻ സാദ്ധ്യമല്ല. അപ്പോൾ ഒരു ട്രൈബ്യൂണൽ വന്നാൽ 50 ലക്ഷം രൂപ എക്സ്പെന്റിച്ചർ. 4 കോടി രൂപ സ്പോർട്സ് കൗൺസിലിന്റെ കാര്യത്തിന് ഉണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നിങ്ങൾ ഈ അഡീഷണലായിട്ട് രണ്ടു കോടി രൂപയെന്ന് പറയുന്നത് വെറുതെ ഒരു കണക്ക് പറയുകയാണ്. അത് അങ്ങനെ പറയേണ്ട കാര്യമില്ലല്ലോ. Can you estimate the amount exactly? No. അങ്ങനെയുള്ള സാഹചര്യം അപ്രോക്സിമേറ്റായിട്ട് പറയാൻ കഴിയാത്തിടത്തോളം അപ്രോക്സിമേറ്റായിട്ട് പറയാൻ കഴിയുന്നില്ല എന്ന് പറഞ്ഞാൽ മതി. അതാണ് എന്റെ പോയിന്റ്.

റൂളിംഗ്

ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവുകൾ വ്യക്തമായി പ്രതിപാദിക്കേണ്ടതു സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly